മാത്രം പൂർത്തീകരിക്കുകയും ബാക്കി ഭാഗങ്ങൾ പണി നടക്കാതിരിക്കുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂക്കണ്ണംകടവ് പാലത്തിന്റെ പണി പൂർത്തിയായ തൂണുകളുടെ ബലപരിശോധന നടത്തി റിപ്പോർട്ട് നൽകാനായി SERC ചെന്നൈയെ ഏൽപ്പിക്കുകയാണ്. അവരുടെ പഠനറിപ്പോർട്ട് കിട്ടിയാലുടനെ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

139 (1358) അപകട നിലയിലുള്ള പാലങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും സെക്ഷനിൽപ്പെടുന്ന ആയൂർ-ഇരവിപുരം റോഡിലെ കുളഞ്ഞിപ്പാലവും കടയ്ക്കൽ പാങ്ങോട് റോഡിലെ ചാന്നാട്ടുമുക്കുപാലവും അപകടകരമായ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്ത് അടിയന്തിര നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അടിയന്തിരമായി ഈ പാലങ്ങൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കുളഞ്ഞിപ്പാലത്തിന്റെ പുനർനിർമ്മാണത്തിനായ് 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ചാന്നാട്ടുമുക്ക് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പരിശോധനയിലാണ്.

(ഡി) ഭരണാനുമതി നൽകി ആവശ്യമായ ഫണ്ടും ലഭ്യമായാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

140 (1359) ചിത്രപ്പുഴ പാലംപണി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ സെൻട്രൽ സർക്കിളിൽ ഉൾപ്പെട്ട ചിത്രപ്പുഴ പാലത്തിന് കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുമ്പോൾ എത്ര സ്പാൻ ആണ് ഉണ്ടായിരുന്നത്; എത്ര മീറ്റർ വീതം; ഇതിൽ പ്രീ-സ്ട്രെസ്സ് എത്ര സ്പാൻ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും ഘട്ടത്തിൽ ഡിസൈൻ ഭേദഗതി വരുത്തുകയുണ്ടായോ; എങ്കിൽ എന്നാണ്;

(സി) പാലംപണിയുടെ ഏതെങ്കിലും ഘട്ടത്തിൽ വെൽ പരാജയപ്പെടുകയുണ്ടായോ; എങ്കിൽ പരാജയപ്പെട്ട വെല്ലുകൾ ഇപ്പോഴും മാറ്റാതെ വെള്ളത്തിനടിയിൽ കിടപ്പുണ്ടോ; വെൽ പരാജയപ്പെട്ടതുമൂലം അധിക ചെലവ് നൽകേണ്ടിവന്നോ;

(ഡി) പ്രീ-സ്ട്രെസ്സിന് എത്ര രൂപാ വച്ചാണ് നൽകിയിരിക്കുന്നത്; ഇത് എം.ഒ.എസ്.ടി നിരക്കിനേക്കാൾ കൂടുതലാണോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) പ്രീ-സ്ട്രെസ് നിരക്ക് സംബന്ധിച്ച് സെൻട്രൽ സർക്കിളിൽ കരാറുകാരൻ വച്ചിരുന്ന എഗ്രിമെന്റ് സൂപ്രണ്ടിംഗ് എൻജിനീയർ ക്യാൻസൽ ചെയ്തിരുന്നോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) ഇതുവരെ കരാറുകാരന് എത്ര രൂപാ നൽകിയിട്ടുണ്ട്; ഇനി എത്ര നൽകാനുണ്ട്; എറ്റവും അവസാനം നൽകിയ പേമെന്റ് എന്നാണ്; എത്ര തുകയാണ്;

(ജി) പ്രീ-സ്ട്രെസ് നിരക്കിൽ ചിത്രപ്പുഴ പാലത്തിന് വന്ന വ്യത്യാസം സെൻട്രൽ സർക്കിളിലെ പെരിവാമൂഴി പൂവത്തിൻമൂട്, ഞരളാക്കടവ് മാഞ്ഞാലി പാലങ്ങളിലും വന്നിട്ടുണ്ടോ; ഇതുമൂലം നേരത്തെ നിശ്ചയിച്ചിരുന്നതിലും അധിക തുക സർക്കാരിന് ചെലവു വന്നിട്ടുണ്ടോ;

(എച്ച്) സെൻട്രൽ സർക്കിളിലെ ചിത്രപ്പുഴ പാലത്തിന്റെ ഫയൽ നമ്പർ എത്രയാണ്; അക്കൗണ്ടന്റ് ജനറലിന്റെ ഏതെങ്കിലും പരാമർശം പ്രസ്തുത പാലം സംബന്ധിച്ചുണ്ടോ; വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 26.5. മീറ്റർ നീളം വരുന്ന 7 സ്പാനുകൾ, പ്രീ-സ്ട്രെസ്സ് സ്പാനുകൾ ഇല്ലായിരുന്നു.

(ബി)&(സി) ഭേദഗതി വരുത്തുകയുണ്ടായി. ഇൻലാൻഡ് നാവിഗേഷൻ കാരുടെ നിബന്ധനപ്രകാരം ഒരു സ്പാൻ നീളം കൂട്ടേണ്ടതായി വന്നപ്പോൾ നിർമ്മാണതത്വം പാലിക്കാനായി പ്രീ-സ്ട്രസ്സ് ആയി നിർമ്മിക്കേണ്ടിവന്നു. ഒരു ഘട്ടത്തിലും വെൽ ഫൗണ്ടേഷൻ പരാജയപ്പെട്ടിട്ടില്ല. സ്പാൻ അറേഞ്ച്മെന്റിൽ വന്ന വ്യത്യാസംമൂലം മുൻപ് പണിത പെൻ ഫൗണ്ടേഷൻ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

(സി) പ്രീ-സ്ട്രെസ്സിന്റെ നിരക്കുകൾ 5467.56/ ടൺ വച്ചാണ് നൽകിയിരുന്നത്. ആ സമയത്ത് ഡിപ്പാർട്ട്മെന്റിന് അംഗീകൃത റേറ്റ് ഇല്ലാത്തതിനാൽ ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കി വിശദമായ പരിശോധനയ്ക്കുശേഷം അംഗീകാരം നൽകുകയാണ് ചെയ്തത്.

(ഇ) റേറ്റിൽ വന്നുകൂടിയ ചില അപാകതകൾമൂലം ആദ്യത്തെ എഗ്രിമെൻറ് ക്യാൻസൽ ചെയ്ത് റേറ്റ് പുനഃനിർണ്ണയം ചെയ്ത് കുറഞ്ഞ റേറ്റിൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(എഫ്) 546.59 ലക്ഷം രൂപാ കൊടുത്തിട്ടുണ്ട്. ഇനി തുകയൊന്നും കൊടുക്കാനില്ല. 19.8.99-ലാണ് 13.35 ലക്ഷം രൂപയുടെ അവസാന പേമെന്റ് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ചെലവ് വന്നിട്ടില്ല.

(എച്ച്) ഫയൽ നമ്പർ ഡി.ബി.ഇ-12026/89 ആണ്. അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം ഉണ്ടായിട്ടുണ്ട്. കരാറുകാരൻ ആവശ്യപ്പെട്ടിരുന്നത് 1990-ലെ ഷെഡ്യൂളിന്റെ 33% ആയിരുന്നു. എന്നാൽ അത് അനുവദിക്കുന്നതിന് സാധിക്കാതെ വരികയും ബാക്കി പണികൾക്ക് 92 ഷെഡ്യൂൾ റേറ്റിന്റെ 73% കൂടുതൽ റേറ്റ് ആവശ്യപ്പെടുകയും ചെയ്തു. ആബിട്രേഷൻ കമ്മിറ്റി പ്രസ്തുത റേറ്റ് അംഗീകരിച്ചു. ഇതുമൂലം സർക്കാരിന് നഷ്ടമുണ്ടായി എന്നാണ് എ.ജി. യുടെ പരാമർശം.

141 (1360) പൊറ്റമേൽക്കടവ് പാലത്തിന്റെ ടോൾപിരിവ്

<u>ശ്രീമതി ശോഭനാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പൊറ്റമേൽക്കടവ് പാലത്തിന്റെ ടോൾപിരിവ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നത്തേക്ക് നിർത്തലാക്കും എന്ന് വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ടോൾപിരിവ് ഇനത്തിൽ നാളിതുവരെ എത്ര രൂപ ഈടാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലത്തിന്റെ നിർമ്മാണച്ചെലവ് വസൂലായതിനുശേഷം.

(സി) 38.33 ലക്ഷം രൂപ.

(ഡി) 18 ലക്ഷം രൂപ.

142 (1361) പുലാമന്തോൾ പാലം പുതുക്കി പണിയുന്നതിന് നടപടി

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പുലാമന്തോൾ പാലം പുതുക്കി പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതുക്കി പണിയുന്നതിന് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) പാലം പുതുക്കി പണിയുന്നതിന് ഭരണാനുമതി ലഭിക്കുന്നതിന് ഈ വകുപ്പ് എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly